## സ്പെഷ്യൽ ഡ്രൈവ് കൊല്ലം റൂറൽ ജില്ലയിൽ 40 പിടികിട്ടാപ്പുള്ളികൾ അറസ്റ്റിൽ

==========================================




കൊട്ടാരക്കര: ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ IPS ന്റെ നിർദ്ദേശ പ്രകാരം കൊല്ലം റൂറൽ ജില്ലയിൽ 27.07.2019 മുതൽ 29.07.2019 വരെ നടന്ന വ്യാപക റെയ്ഡിൽ വിവിധ കേസുകളിൽ കോടതി പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിരുന്ന 40 പ്രതികൾ അറസ്റ്റിലായി. വിവിധ കുറ്റകൃത്യങ്ങൾക്ക് പിടിക്കപ്പെട്ട് കോടതിയിൽ നിന്നു ജാമ്യം നേടി വിചാരണ നേരിടാതേയും പിഴ അടയ്ക്കാതേയും വർഷങ്ങളായി മുങ്ങി നടക്കുകയായിരുന്നു ഇവർ. പ്രസ്തുത റെയ്ഡിൽ കുണ്ടറ 3, ഈസ്റ്റ് കല്ലട 2, ശാസ്താംകോട്ട 6, ശൂരനാട് 1, കൊട്ടാരക്കര 9, എഴുകോൺ 3, പൂയപ്പള്ളി 3, പുനലൂർ 1, പത്തനാപുരം 2, കുന്നിക്കോട് 1, അഞ്ചൽ 2, കുളത്തൂപ്പുഴ 1, കടയ്ക്കൽ 2, ചടയമംഗലം 4 വീതം പിടികിട്ടാപ്പുള്ളികൾ അറസ്റ്റിലായി. വരും ദിവസങ്ങളിലും ഇത്തരത്തിൽ മുങ്ങി നടക്കുന്ന പ്രതികൾക്കെതിരെ നടപടി കർശനമാക്കുമെന്ന് ബഹു. ജില്ലാ പോലീസ് മേധാവിഅറിയിച്ചു

**കൊല്ലം റൂറൽ പോലീസ്**